# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 6551 — 12-07-2012-ൽ മറുപടിക്ക്

## ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.പാലോട് രവി<br>ശ്രീ. റ്റി. എൻ. പ്രതാപൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) കേരളത്തിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കുമെന്നാണ് ഇ.എം.എസി. കണ്ടെത്തിയിട്ടുള്ളത് വിശദമാക്കുമോ | (എ) കേരളത്തിലെ ഊർജ്ജ സംരക്ഷണ സാദ്ധ്യത കണ്ടെത്തുന്നതിന് നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിലുമായി ചേർന്ന് 2009 ൽ നടത്തിയ പഠനത്തിൽ എല്ലാ മേഖലകളിലും കൂടി 409.60 മെഗാവാട്ട് വൈദ്യുതി ലാഭത്തിനുള്ള സാദ്ധ്യത കണ്ടെത്തിയിട്ടുണ്ട് |
| (ബി) പ്രസ്തുത പ്രവർത്തനങ്ങളിലൂടെ ഗാർഹിക വാണിജ്യ കാർഷിക വ്യവസായ മേഖലകളിൽ എത്ര ശതമാനം ഊർജ്ജം ലാഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) പഠന റിപ്പോർട്ട് പ്രകാരം ഓരോ മേഖലയിലും താഴെപ്പറയുന്ന ഊർജ്ജ സംരക്ഷണ സാദ്ധ്യതകൾ കണ്ടെത്തിയിട്ടുണ്ട്.<br>കാർഷിക മേഖല — 30 – 40%<br>വാണിജ്യം - 20 – 30 %<br>മുനിസിപ്പാലിറ്റികൾ - 10 – 20%<br>ചെറുകിട — ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ - 10 – 25%<br>ഗാർഹിക മേഖല — 20 – 25% ( നഗരം )<br>25 - 50% (ഗ്രാമം)<br>വ്യവസായം - 7 – 20% - |
| (സി) ഇതിനായി എന്തെല്ലാം സഹായങ്ങളും പ്രോത്സാഹനങ്ങളുമാണ് ഇ.എം.എസി. നൽകുന്നത് ? | (സി) 01.01.2011 -ലെ GO (RT) NO. 2/2011/PD ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ HT/EHT വ്യവസായ സ്ഥാപനങ്ങൾക്കും, ബഹുനില |

കെട്ടിടങ്ങൾക്കും ഊർജ്ജ ആഡിറ്റിംഗ് നിർബന്ധിതമാക്കിയിട്ടുണ്ട്.

- വിവിധ മേഖലകളിൽ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുവാനായി 16 വിഭാഗങ്ങളിലായി കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.
- വ്യവസായങ്ങളിലെ എനർജി മാനേജർമാർ എനർജി ഓഡിറ്റർമാർ എന്നിവർക്കായി വാർഷിക പരിശീലന പരിപാടികൾ നടത്തി വരുന്നു.
- 18 വ്യവസായങ്ങളിൽ താപ പുനരുപയോഗ പദ്ധതികൾക്കായുള്ള പദ്ധതി രൂപരേഖകൾ തയ്യാറാക്കി.
- വിവിധ പൊതുമേഖല സ്ഥാപനങ്ങളിലും പൊതുമേഖ കെട്ടിടങ്ങളിലും സൗജന്യ നിരക്കിൽ ഊർജ്ജ ആഡിറ്റിംഗ് നടത്തി. വരുന്നു.
- ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളിലെ ഊർജ്ജ സംരക്ഷണ സാദ്ധ്യതകൾ മനസ്സിലാക്കുവാനുള്ള പഠനങ്ങൾ നടന്നു വരുന്നു.
- വീടുകളിൽ ഊർജ്ജ സംരക്ഷണ നടപടികൾക്കു പുറമെ ഊർജ്ജ ആഡിറ്റുകളും ഇ എം സി യുടെ ഊർജ്ജ ക്ലിനിക്ക് മുഖാന്തരം നടത്തി വരുന്നു.
- വ്യവസായ സ്ഥാപനങ്ങളിൽ ഊർജ്ജ ആഡിറ്റിംഗ് നടത്തുന്നതിനായി 19 ഊർജ്ജ ആഡിറ്റിംഗ് സ്ഥാപനങ്ങളെ empanel ചെയ്തിട്ടുണ്ട്.

കാര്യക്ഷമത കൂടിയ BEE സ്റ്റാർ ലേബലിംഗ് ഉള്ള ഉൽപ്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.